ധാരാളം എം.എൽ.എ.-മാർ വന്ന് നിർബന്ധമായിട്ടും മിനി ബസ്സുകൾ വേണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് കുറേ മിനി ബസ്സുകൾ കൂടി വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാം. പക്ഷെ ഞാൻ വ്യക്തിപരമായി അതിന് അനുകൂലിയല്ല. പക്ഷേ എല്ലാവരുടേയും നിർബന്ധം അങ്ങനെയാണെങ്കിൽ ഈ സഭയുടെ വികാരം മാനിച്ച് അതിനെക്കുറിച്ച് ആലോചിക്കാമെന്നേയുള്ളൂ. ഈ സെഷൻ കഴിഞ്ഞാൽ ഞാൻ താമരശ്ശേരിയിൽ വരാം. വേണ്ടപ്പെട്ട എല്ലാ ആളുകളേയും; ജനപ്രതിനിധികൾ ഉൾപ്പെടെ യൂണിയൻ നേതാക്കളേയും വിളിച്ചുകൂട്ടി, (ഉദ്യോഗസ്ഥൻമാരോടും വരാൻ പറയാം). അവിടെയിരുന്ന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. പോലീസിന്റേയും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റേയും സഹായത്തോടുകൂടി പാരലൽ സർവ്വീസുകൾ അവസാനിപ്പിക്കാനും നമുക്കു ശ്രമിക്കാം. താമരശ്ശേരിയിൽ വന്ന് ഈ പ്രശ്നം കൈകാര്യം ചെയ്യാം.

ശ്രീ. സി. മോയിൻ കുട്ടി: വ്യക്തമായ അടിത്തറയുള്ള അങ്ങയുടെ യൂണിയനടക്കം വമ്പിച്ച തോതിലുള്ള ധർണയും സമരവും പലവട്ടം അവിടെ നടത്തി. ഇവിടെ വിഷയം എന്താണെന്നു വച്ചാൽ ഏറ്റവും പഴയ ബസ്സുകളാണ് ഞങ്ങൾക്ക് നൽകുന്നത്. പാട്ട ബസുകൾ മുഴുവൻ അവിടെ ഡമ്പ് ചെയ്യുകയാണ്. പൂച്ചയ്ക്ക് ആര് മണികെട്ടും എന്നുള്ള ചോദ്യംപോലെയാണ് അങ്ങിവിടെ സൂചിപ്പിച്ചിട്ടുള്ളത് പാരലൽ ബസ്സുകൾ എങ്ങനെ നിർത്താൻ സാധിക്കും! പാരലൽ ബസ്സില്ലാതെ മറ്റെന്ത് സംവിധാനമാണ് അവിടെയുള്ളത്? താമരശ്ശേരിയിലേക്ക് അങ്ങ് വന്നാൽ താമരശ്ശേരിയിൽ എത്തുന്നതിനു മുൻപുതന്നെ നാലോ അഞ്ചോ ബസ്സുകൾ ഡെഡായി കിടക്കുന്നത് കാണാൻ സാധിക്കും. തീർച്ചയായും അങ്ങ് വരണം. വന്ന് യൂണിയന്റേയും ജനപ്രതിനിധികളുടേയുമൊക്കെ യോഗം വിളിച്ചുകൂട്ടി അവിടെയുള്ള കാര്യങ്ങൾ നേരിട്ട് കണ്ടറിയണം. ഒരു ഡേറ്റ് ഫിക്സ് ചെയ്ത് യോഗം ചേർന്ന് പ്രശ്നം പരിഹരിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഞാൻ വരാം അങ്ങ് ഉൾപ്പടെയുള്ളവരുടെ യോഗം വിളിച്ചുകൂട്ടാം. ഇപ്പോൾ ഒൻപതു കൊല്ലം പഴക്കമുള്ള ബസ്സ് മാത്രമേ ഓടിക്കുന്നുള്ളൂ. കഴിയുന്നിടത്തോളം നല്ല ബസ്സുകൾ താമരശ്ശേരിയിൽ തരാൻ ഏർപ്പാട് ചെയ്യാം. ഞാൻ അവിടെ വന്ന് ഇതിനെക്കുറിച്ച് പരിശോധിക്കാം.

III. സബ്മിഷൻ

(1) കടബാദ്ധ്യതമൂലമുള്ള ആത്മഹത്യകൾ

ശ്രീ. ടി. കെ. ദേവകുമാർ: ഇത് അടിയന്തിരപ്രമേയ നോട്ടീസായി തന്നിരുന്നതാണ്. ഇന്നലെ കടക്കെണിയും കടബാധ്യതയും മൂലം എന്റെ നിയോജകമണ്ഡലത്തിൽ .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ് അങ്ങ് അടിയന്തിര പ്രമേയത്തിന് ആവശ്യപ്പെട്ടപ്പോൾ ചെയർ അത് നിഷേധിക്കാൻ കാരണം പല ആവശ്യങ്ങൾ ഒരു സബ്മിഷനിൽ ചർച്ച ചെയ്യാൻ പാടില്ല എന്നുള്ള നടപടിക്രമമാണ്. അങ്ങയുടെ നിർബന്ധം കൊണ്ടും താൽപ്പര്യംകൊണ്ടുമാണ് ഈ സബ്മിഷൻ അനുവദിച്ചത്. ചുരുക്കിപ്പറയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ആ താൽപ്പര്യം കാണിച്ചതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട ചെയർ ഒന്ന് മനസ്സിലാക്കണം. ഇന്നലെ ഉച്ചയ്ക്കുശേഷം ഉണ്ടായ മരണമായതുകൊണ്ടാണ് ഇത് ഇന്ന് അവതരിപ്പിക്കുന്നത്. അല്ലെങ്കിൽ ഇന്നലെ അവതരിപ്പിക്കുമായിരുന്നു. എന്റെ മണ്ഡലത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ച പാടശേഖരത്തിൽ കൃഷിചെയ്യുന്ന രണ്ടാമത്തെ കൃഷിക്കാരനും ഇന്നലെ ആത്മഹത്യ ചെയ്തിരുന്നു. അനിയപ്പൻ എന്നു വിളിക്കുന്ന അനിയൻകുഞ്ഞ്, 35 വയസ്സ്, കോതേരി ചിറയിൽ പുത്തൻവീട്, ചെറുതന പഞ്ചായത്ത് 'സുഭദ്ര' ഭാര്യയും രണ്ടുമക്കളുമാണുള്ളത്. ആറാംക്ലാസിൽ പഠിക്കുന്ന അനൂപും നാലാം ക്ലാസിൽ പഠിക്കുന്ന അഞ്ജനയും. സ്വന്തമായി 80 സെന്റ് നിലം അദ്ദേഹത്തിനുണ്ട്. കോതേരി പാടശേഖരത്തിലെ രണ്ടേക്കർ സ്ഥലവും മണിയഞ്ചേരി പാടശേഖരത്തിലെ ഒരേക്കർ നിലവും ഉൾപ്പെടെ 3 ഏക്കർ സ്ഥലം ഉത്തമൻ, പാട്ടപ്പള്ളിചിറയിൽ, എന്നയാളിന്റേത് പാട്ടത്തിനെടുത്താണ് അദ്ദേഹം കൃഷി ചെയ്തിരുന്നത്. ബ്ലെയ്ഡ് കമ്പനിക്കാരുടെ കൈയിൽ നിന്ന് നാൽപ്പതിനായിരം രൂപയും, സ്വന്തം എട്ടുപറ നിലവും പായിപ്പാടുള്ള എസ്.ബി.ടി. ബ്രാഞ്ചിൽ വച്ച് 6000 .രൂപയും അദ്ദേഹം വായ്പയെടുത്തു. പോലീസ്സ്റ്റേഷനിൽ തയ്യാറാക്കിയ കേസാണിത്. അതോടൊപ്പംതന്നെ ഹരികുമാർ, 32 വയസ്സ്, ഹരിഹരഭവൻ, ഇലഞ്ഞിമൂട്, പേയാട്, തിരുവനന്തപുരം, മായ, 28 വയസ്സ്, നാലരയും, രണ്ടും വയസ്സുള്ള മക്കളെ കെട്ടിത്തൂക്കിയിട്ട് ആത്മഹത്യ ചെയ്തു. ബ്ലെയ്ഡ് കമ്പനിക്കാരുടെ കൈയിൽനിന്ന് കടം വാങ്ങി അത് തിരിച്ചുകൊടുക്കാൻ കഴിയാതെ കടക്കെണിയിൽപ്പെട്ടാണ് രണ്ട് ആത്മഹത്യകളും ഇന്നലെ ഉണ്ടായിരിക്കുന്നത്. ഹരികുമാർ പ്ലംമ്പിംഗ് തൊഴിലാളിയാണ്. അയാൾ മലയിൻകീഴ് പോലീസ് എസ്.ഐ.-ക്കുള്ള മരണക്കുറിപ്പിൽ എഴുതി വച്ചിരുന്നത് "മരണ കാരണം കടബാധ്യത മൂലമാണ്; അലമ്മാരിയിൽ പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപയുണ്ട്. മരണാനന്തര ചെലവ് കഴിഞ്ഞ് ബാക്കി ബ്ലെയ്ഡ് കമ്പനിക്കാർക്ക് കൊടുക്കണം" എന്നാണ്. ബ്ലെയ്ഡ് കമ്പനിക്കാരുടെ ചൂഷണത്തിന് അറുതി വരുത്താൻ ഇവിടത്തെ ബാങ്കിംഗ് സഹകരണമേഖലയ്ക്ക് കഴിയുന്നില്ല. സ്വന്തമായി ഭൂമിയില്ലാത്തവർ പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്യുമ്പോൾ ബ്ലെയ്ഡ് കമ്പനിക്കാരെ ആശ്രയിച്ചാണ് അവർ കടക്കെണിയിലാകുന്നത്. ഇന്നലെ ഈ വിഷയം ഇവിടെ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് കണ്ട ആലപ്പുഴ ജില്ലയിൽ ചെറുതന പാടശേഖരത്തിലെ രണ്ടാമത്തെ കൃഷിക്കാരനും ഇന്നലെ ആത്മഹത്യ ചെയ്തു. ഇന്നലെ ഉച്ചവരെ എനിക്കൊരു പരാതിയുണ്ടായിരുന്നു; ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി അതുവഴി അങ്ങോട്ടുമിങ്ങോട്ടും പോയിട്ടുപോലും ഒന്നു കയറിയില്ലെന്ന്. കൃഷിവകുപ്പുമന്ത്രിയുടെ ഇന്നലത്തെ പത്ര സമ്മേളനം കഴിഞ്ഞപ്പോൾ ആ പരാതിയും തീർന്നു. നിയമസഭക്കുമുന്നിൽ കൃഷിക്കാരൻ ആത്മഹത്യ ചെയ്താൽ ജീവിച്ചിരിക്കുന്ന കൃഷിക്കാർക്ക് അതൊരു പ്രേരണയായിത്തീരുമെന്നാണ് പത്ര സമ്മേളനത്തിൽ ഇന്നലെ മന്ത്രി പറഞ്ഞത്. അതുകൊണ്ട് പരാതി തീർന്നു. ഒരുകാര്യം കൃഷിവകുപ്പുമന്ത്രിയോട് പറയാൻ ആഗ്രഹിക്കുകയാണ്. ആത്മഹത്യ ചെയ്തവരുടെ ദുരാത്മാക്കളെല്ലാം കൂടി കൃഷിവകുപ്പുമന്ത്രിയെ ചുറ്റിപ്പറ്റി നടക്കുകയാണ്. അതുകൊണ്ട് ഈ ദുരാത്മാക്കളുടെ ശാപം കിട്ടാതിരിക്കാൻ, അവർക്ക് മോക്ഷം കിട്ടാൻവേണ്ടി, ശേഷക്രിയ ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാശെങ്കിലും വാങ്ങിക്കൊടുക്കണം. അതുപോലെ തന്നെ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പത്ര സമ്മേളനത്തിൽ രണ്ടുകാര്യം പറഞ്ഞു. "കേരളത്തിൽനിന്നുള്ള പ്രതിപക്ഷ എം.പി.-മാർ ഈ വിഷയം ഉന്നയിക്കാതെ രാഷ്ട്രീയം കളിക്കുകയാണ്." എന്നാൽ അദ്ദേഹം തന്നെ ഒരു കാര്യം അടുത്ത വാചകത്തിൽ പറഞ്ഞു, "കേരളത്തിൽ എത്രയാളുകൾ ആത്മഹത്യചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ടെടുക്കുന്നു" എത്ര കൃഷിക്കാർ ആത്മഹത്യ ചെയ്തിരിക്കുന്നുവെന്ന് കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് കൊടുക്കണ്ടേ? ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്നുള്ള എം.പി. മാർ കേന്ദ്രത്തിൽനിന്ന് ആനുകൂല്യം വാങ്ങിത്തരണമെന്നല്ലേ ആവശ്യപ്പെടേണ്ടത്? വയനാട് ജില്ലയിൽ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഹർത്താലാണ്. .....(ബഹളം)..... ഇനി ചർച്ച ചെയ്യുന്നത് കർഷക വിരുദ്ധമാണെന്നാണ് മന്ത്രി പറയുന്നത്. പാലക്കാട് ജില്ലയിൽ 19 പേർ ആത്മഹത്യ ചെയ്തു. ഇന്നലെ പാലക്കാട് ജില്ലാകളക്ടർ പറഞ്ഞിരിക്കുന്നു ഒരാൾ പോലും ആത്മഹത്യ ചെയ്തിട്ടില്ല എന്ന്. ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ഇതാണോ ഈ ഗവൺമെന്റിന്റെ നിലപാട്? സർക്കാർ നിലപാട് വ്യക്തമാക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): ഇന്നലെ നിയമസഭയിൽ വയനാട്ടിൽ മരിച്ചതിന്റെ കണക്ക് പറഞ്ഞു. മരിച്ചില്ലെന്നാരും പറഞ്ഞിട്ടില്ല; കണക്കും വച്ചു. അതിനുശേഷം ഓരോരുത്തർക്കും ഇഷ്ടമുള്ളത് പറയുകയാണ്. ആലപ്പുഴ ജില്ലയിൽ ആനാരി മുറിയിൽ കോതയിൽ ചിറയിൽ അനിയപ്പൻ, 35 വയസ്സ്, നേരത്തെ മാടക്കട നടത്തിയിരുന്നു. മാടക്കട നടത്തിയപ്പോൾ എസ്.ബി.ടി.യിൽനിന്ന് കടമെടുത്തിരുന്നു. കടം 5,900 രൂപ തിരിച്ചടയ്ക്കാനുണ്ട്. അദ്ദേഹത്തിന് തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മാടക്കട പൂട്ടി. കഴിഞ്ഞ കൊല്ലം രണ്ടേക്കർ പതിനഞ്ച് സെന്റ് നിലം പാട്ടത്തിനെടുത്തു. കൃഷി ചെയ്തു. അതിന്റെ പാട്ടത്തുകയായ 85 പറ നെല്ല് കൊടുക്കാനുണ്ട്. അദ്ദേഹം വീഷം കഴിച്ച് മരിച്ചു. കടംകൊണ്ടാണ് മരിച്ചതെന്നാണ് ഗവൺമെന്റിന് കിട്ടിയിട്ടുള്ള റിപ്പോർട്ട് രണ്ടാമത്തേത് പത്രത്തിൽ വന്നതാണ്. തിരുവനന്തപുരത്ത് പേയാട് ഇലഞ്ഞിമൂട് ഹരിഭവനിൽ താമസം 34 വയസ്സുള്ള ഹരികുമാർ, ഭാര്യ 24 വയസ്സുള്ള മായ, നാലും, ഒന്നും വയസ്സുള്ള രണ്ടു കുട്ടികൾ എന്നിവർ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ഇത് ഇന്നലെ മരിച്ചതല്ല. 13-7-2004-ൽ മരിച്ചതാണ്. ഇന്നലെ നിയമസഭയിൽ പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നവുമാണ്. അദ്ദേഹം ആ വീട്ടിൽ പോയി

10.00 am.] എന്നു പറഞ്ഞു. ഇലഞ്ഞിമൂട് ഹരിഭവനിൽ 13-7-2004-ൽ മരിച്ചതായി കാണപ്പെട്ടു. മരിച്ചയാൾ ഒരു പ്ലംബറാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് ആത്മഹത്യ ചെയ്തത് എന്ന് അദ്ദേഹം നോട്ട് എഴുതിയിട്ടുണ്ട്. അതേസമയം 12,500 രൂപ അലമാരിയിൽ വച്ചിട്ടുണ്ട്. കടം തീർത്തശേഷം ബാക്കിയുള്ള പണം എല്ലാവരുടെയും സംസ്കാരത്തിന് ചെലവാക്കാൻ പറഞ്ഞിട്ടുണ്ട്. കൃഷിക്കാർക്കും ഒരുപാട് ബുദ്ധിമുട്ടുണ്ട്. കൃഷിക്കാർ ഒരുമാതിരി പച്ചപിടിച്ച് വരുകയായിരുന്നു. പ്രധാന കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കൂടുകയും മറ്റും ചെയ്ത അവസരത്തിലാണ് ഒരു കാലത്തും കാണാത്ത ഡ്രൗട്ട് ഉണ്ടായത്. ആ ഡ്രൗട്ടിൽ ഏകദേശം 1900 കോടി രൂപയുടെ കാർഷിക നഷ്ടമാണ് കേരളത്തിലെ കൃഷികാർക്കുണ്ടായത്. നഷ്ടപരിഹാരത്തുകയിൽ കുറച്ചുപണം ഇനിയും കൊടുത്തു തീർക്കാനുണ്ട്. പണം കിട്ടിയാൽ

മുഴുവനും കൊടുത്തു തീർക്കുന്നതാണ്. ഗവൺമെന്റ് മുഴുവൻ കണക്കും എടുത്തിട്ടുണ്ട്. ഒരുപാട് ബുദ്ധിമുട്ട് കർഷകനുണ്ട്. ഡ്രൗട്ട് കഴിഞ്ഞശേഷം വലിയ മഴ വന്നു. അതും കൃഷിക്കാരന് ബുദ്ധിമുട്ടാണ്. കൃഷിക്കാരന്റെ ബുദ്ധിമുട്ട് പരിഹരിക്കാൻ ഈ ഗവൺമെന്റ് ചെയ്തതുപോലെ അനുഭാവപൂർവ്വമുള്ള നടപടികൾ ഒരൊറ്റ ഗവൺമെന്റും ഇതിനുമുൻപ് ചെയ്തിട്ടില്ല. അവർക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുത്തു. മുൻ ഗവൺമെന്റ് കൊടുത്തതിന്റെ ഇരട്ടിയാണ് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. ആ വിധത്തിൽ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.....(ബഹളം)..... ദു:ഖമുണ്ട്. ഇത് ആവർത്തിച്ചാവർത്തിച്ച് സംസാരിക്കുന്നതിൽ ദു:ഖമുണ്ട്. (ബഹളം) ആരോടും വിരോധംകൊണ്ടല്ല. കേരളത്തിലെ കൃഷിക്കാരോട് കാണിക്കുന്ന കടുത്ത വഞ്ചനയാണ്. (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്, പ്ളീസ് (ബഹളം) അവർ പറയട്ടെ. ചെയർ വളരെ കാര്യമായി പറഞ്ഞു. ഇത് സബ്മിഷനാണ്. ഇതിൽ ചോദ്യങ്ങളില്ല. ചർച്ചയില്ല. ഡിബേറ്റില്ല. (ബഹളം) ഇത് അനുസരിക്കണം.

(2) സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

ശ്രീ. ടി. കെ. ബാലൻ: സർ, കേരളത്തിലെ അഞ്ച് ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം അനിശ്ചിതമായി നീണ്ടുപോവുകയാണ്. 1997- ലാണ് അവസാനമായി ശമ്പളം പരിഷ്കരിച്ചത്. ആന്ധ്രാപ്രദേശ്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിൽ ശമ്പള പരിഷ്ക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിൽ എല്ലാ അഞ്ചു വർഷക്കാലത്തും ശമ്പള പരിഷ്കരണം നടപ്പിലാക്കുക എന്നുള്ളതാണ് കീഴ്വഴക്കം. കോസ്റ്റ് ഓഫ് ലിവിങ് ഇൻഡക്സിന്റെ സൂചിക തന്നെ ഇപ്പോൾ 816 ക്രോസ്സ് ചെയ്തു കഴിഞ്ഞു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിക്കണം. ഇക്കാര്യത്തിലുണ്ടായിട്ടുള്ള കാലതാമസം കണക്കിലെടുത്ത് ഇടക്കാലാശ്വാസം നൽകുന്നതിനെപ്പറ്റി ചിന്തിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 1-4-1958, 1966, 1968, 1973, 1978, 1983, 1988, 1992, 1997 എന്നീ കാലഘട്ടങ്ങളിലാണ് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുള്ളത്. സാധാരണയായി അഞ്ചു വർഷമാണ് ശമ്പള പരിഷ്കരണത്തിന്റെ കാലദൈർഘ്യമെങ്കിലും 1992-ലെ ശമ്പള പരിഷ്കരണം മൂന്നു വർഷവും എട്ട് മാസവും കഴിഞ്ഞപ്പോഴാണ് നടപ്പിൽ വരുത്തിയത്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 10 വർഷം കൂടുമ്പോഴാണ് നടപ്പിലാക്കുന്നത്. എന്നാൽ 1998-ലെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ 1-3-1997-ലെ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുശേഷം കേന്ദ്ര സർക്കാരിന്റെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെടുത്തി വേണം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും നടത്താനെന്ന് ശുപാർശ ചെയ്തിരുന്നു. സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly